സ്ക്കൂളിലേക്ക് ചേർന്ന് സമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയങ്ങളും ബഹുമാനപ്പെട്ട ഗവൺമെണ്ടിനു് കിട്ടിയോ;

(ബി) ഉണ്ടെങ്കിൽ അതിനു് വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) കിട്ടിയിട്ടുണ്ടു്.

(ബി) ഉണ്ടു്.

## വ്യവസായശാലകൾ

*൨൮൯ (൯൭) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തൊഴിൽകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്തുള്ള എത്ര വ്യവസായശാലകൾ ബഹുമാനപ്പെട്ട മന്ത്രി സന്ദർശിച്ചിട്ടുണ്ടു്;

(ബി) ഓഗയിൽഗ്ലാസ് കമ്പനി, ഇൻഡ്യൻ അലുമിനിയം കമ്പനി മുതലായ കമ്പനികൾ സന്ദർശിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ കമ്പനികളിൽ ഉണ്ടാകുന്ന വിഷവായുവിൽ നിന്നും അവിടത്തെ തൊഴിലാളികളെ സംരക്ഷിക്കുവാനുള്ള ശരിയായ രക്ഷാ വ്യവസ്ഥകൾ ഉണ്ടോ;

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പ്രധാനമായ പല വ്യവസായശാലകളും സന്ദർശിച്ചിട്ടുണ്ടു്. എത്രയെന്നു കൃത്യമായി കണക്കു വെച്ചിട്ടില്ല.

(ബി) ഉവ്വു്.

(സി) ഇൻഡ്യൻ അലുമിനിയം കമ്പനിയിൽനിന്നോ ഓഗൽഗ്ലാസ് ഫാക്ടറിയിൽനിന്നോ വിഷവായു വമിക്കുന്നില്ല. അല്ലെങ്കിലും ദോഷകരമായ വായുക്കൾ വെളിയിൽ തള്ളുന്നതിനു് സമർത്ഥമായ വെൻറിലേഷൻ ഈ ഫാക്ടറികളിൽ ഉണ്ടു്.

## പെൻഷൻ തുക

*൨൯൦. (൯൬) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഫൈനാൻസ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) പെൻഷൻ തുക വർദ്ധിപ്പിച്ചു സഹായിക്കാൻ ഏതെങ്കിലും പെൻഷ്യൻറ ഉദ്യോഗസ്ഥന്മാരുടെ ആവലാതി ഹർജികൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്മാർ ആരെല്ലാം?

(സി) ഇവരുടെ പെൻഷൻ തുകകൾ യഥാക്രമം എങ്ങിനെ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) പെൻഷൻപറ്റുന്ന മിക്ക ഉദ്യോഗസ്ഥന്മാരും പെൻഷൻ തുക വർദ്ധിപ്പിച്ചു കിട്ടണമെന്ന ആവലാതിപ്പെടാറുണ്ടു്.

(ബി) അപ്രകാരം അപേക്ഷിക്കുന്നവരുടെ ലിസ്റ്റ് പ്രത്യേകം സൂക്ഷിക്കാറില്ല.

(സി) ബി-യുടെ ഉത്തരത്തിൽനിന്നും സി. ഉദിക്കുന്നില്ല.

## കായംകുളം ആശുപത്രി

*൨൯൧. (൯൯) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly